ഭക്ഷ്യോൽപ്പന്നങ്ങളിൽ കീടനാശിനികളുടെ ഉപയോഗം

29 (*299) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴം, പച്ചക്കറി, മറ്റ് ഭക്ഷ്യ ഉൽപ്പന്നങ്ങൾ എന്നിവയിൽ വ്യാപകമായി കീടനാശിനികൾ ഉപയോഗിക്കുന്നതുമൂലം ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ജൈവ സാങ്കേതിക വിദ്യയിൽ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് നമ്പർ 39/10/കൃഷി പ്രകാരം സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി കേരളം ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ ഈ നയത്തിൽ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി കേരളത്തെ 2016 ഓടെ സമ്പൂർണ്ണജൈവകാർഷിക സംസ്ഥാനമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും കൃഷി വകുപ്പ് ജൈവകൃഷി വ്യാപകമാക്കുന്നതിനുള്ള ബോധവത്കരണ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. അതതു മണ്ഡലങ്ങൾക്കു യോജിച്ച പ്രോജക്ടുകൾ തയ്യാറാക്കിവരുന്നു.

(സി) കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് കൃഷി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ കാർഷിക ലൈബ്രറിയും ആരംഭിച്ചു. കൂടുതൽ പ്രവർത്തനങ്ങൾ ആരംഭിക്കും. എന്നാൽ കൃഷി ഭവനോടനുബന്ധിച്ച് പ്രത്യേകമായി കൃഷി വിജ്ഞാന കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഭൗതിക സാഹചര്യം നിലവിലില്ല

LIBRARY ARCHIVES Kerala Legislative Assembly